❙ അബ്ദുൽ ജബ്ബാർ കൂരാരി

# നാവിനെ നിയന്ത്രിക്കണം

عَنْ مُعاذٍ رَضِي اللّهُ عنهُ قال: قُلْتُ يَا رَسُولَ الله أَخْبِرْنِي بِعَمَلٍ يُدْخِلُنِي الْجَنَّةَ وَيُبَاعِدُنِي مِنَ النَّارِ ، قَالَ لَقَدْ سَأَلْتَ عَنْ عَظِيمٍ وَإِنَّهُ يَسِيرٌ من يَسَّرَهُ الله تَعَالَى عَلَيْهِ ، فَأَخَذَ بِلِسَانِهِ قَالَ كُفَّ عَلَيْكَ هَذَا قُلْتُ: يَا رَسُولَ الله وَإِنَّا لَمُؤَاخَذُونَ بِمَا نَتَكَلَّمُ بِهِ، فَقَالَ: ثَكِلَتْكَ أُمُّكَ وَهَلْ يَكُبُّ النَّاسَ فِي النَّارِ عَلَى وُجُوهِهِمْ إِلَّا حَصَائِدُ أَلْسِنَتِهِمْ

> മുആദി(റ)ൽനിന്ന്: ഞാൻ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, എന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും നരകത്തിൽനിന്ന് അകറ്റുകയും ചെയ്യുന്ന ഒരു കാര്യം എനിക്ക് പറഞ്ഞുതന്നാലും." നബി(സ) പറഞ്ഞു: "പ്രസക്തമായ ഒരു കാര്യമാണ് താങ്കൾ ചോദിച്ചത്. അല്ലാഹു എളുപ്പമാക്കിക്കൊടുക്കുന്നവർക്ക് പ്രയാസം കൂടാതെ അത് ചെയ്യാൻ സാധിക്കും." അനന്തരം പ്രവാചകൻ സ്വന്തം നാവ് പിടിച്ചുകൊണ്ട് പറഞ്ഞു: "നീ നാവടക്കുക." ഞാൻ വീണ്ടു ചോദിച്ചു: "ഞങ്ങളുടെ വർത്തമാനം മൂലം ഞങ്ങൾ ശിക്ഷിക്കപ്പെടുമോ?" തിരുമേനി പറഞ്ഞു: "കഷ്ടം! മനുഷ്യരെ നരകത്തിൽ മുഖം കുത്തി വീഴ്ത്തുന്നത് അവരുടെ നാവ് കൊയ്തെടുക്കുന്നതല്ലാതെ മറ്റെന്താണ്?" (തിർമുദി).

**മനുഷ്യന്റെ** സ്വർഗപ്രവേശത്തെക്കുറിച്ചുള്ള വിശദമായ ഒരു ഹദീസിൽനിന്നുള്ള ഭാഗമാണിത്. നാവ് മനുഷ്യനുണ്ടാക്കുന്ന നാശത്തെപ്പറ്റി മുന്നറിയിപ്പും താക്കീതും നൽകുന്നു തിരുവചനം.

നമ്മുടെ ശരീരത്തിലെ ഏറ്റവും ഉൽകൃഷ്ടവും അതേസമയം നീചവുമായ അവയവം നാവാണെന്ന് പറഞ്ഞാൽ അത് തെറ്റാവുകയില്ല. അതിനാൽ സംസാരിക്കുമ്പോൾ വളരെ സൂക്ഷ്മത പാലിക്കണം. നാവിനെ യഥാവിധി നന്നായി പ്രയോഗിച്ചില്ലെങ്കിൽ ആപത്തിൽ ചെന്നു പതിക്കാതിരിക്കില്ല.

"വല്ലവനും തന്റെ നാവിനെക്കുറിച്ചും ഗുഹ്യാവയവത്തെക്കുറിച്ചും എനിക്ക് ഉറപ്പു തന്നാൽ, അവകൊണ്ട് തെറ്റു ചെയ്യില്ലെന്ന് വാഗ്ദത്തം ചെയ്താൽ അവന് ഞാൻ സ്വർഗം വാഗ്ദത്തം ചെയ്യുന്നു" എന്ന് നബി(സ) ഒരിക്കൽ പറഞ്ഞത് ഇതിനോട് കൂട്ടി വായിക്കേണ്ടതാണ്. നാവ് വളരെ അപകടകാരിയാണെന്നും അതിനെ നിയന്ത്രിച്ചില്ലെങ്കിൽ നാശത്തിൽ അകപ്പെടുമെന്നുമാണിത് വിവക്ഷിക്കുന്നത്.

നാവ് നിസ്സാരനല്ല. അതിന് ബോംബിനേക്കാൾ ശക്തിയുണ്ട്. തോക്ക് കൊണ്ട് മാത്രമല്ല, നാക്കുകൊണ്ടും മനുഷ്യൻ മനുഷ്യനെ കൊല്ലാറുണ്ട്. ഒരു നാട് മുഴുവൻ നിശ്ശേഷം നശിപ്പിക്കാൻ പോരുന്ന ആയുധമാണ് നാക്ക്.

നല്ല നാവ് ദൈവാനുഗ്രഹമത്രെ. ഈ അനുഗ്രഹം വേണ്ടരീതിയിൽ വിനിയോഗിക്കണം. നാവിനെ നിയന്ത്രിക്കാനുള്ള ശക്തി വളർത്തിക്കൊണ്ടു വരികയാണ് ജീവിത വിജയത്തിന്റെ വഴി. ഒരിക്കൽ ആമിർ(റ) പ്രവാചകനോട് ചോദിച്ചു: "തിരുദൂതരേ, രക്ഷാമാർഗമെന്താണ്?" അവിടുന്ന് നാവ് പിടിച്ചു കൊണ്ട് പറഞ്ഞതിങ്ങനെ: "നാവടക്കുക." നല്ല വാക്കുകൾ അല്ലാഹുവിലേക്ക് കയറിച്ചെല്ലുന്നതാണെന്ന് ഖുർആൻ പറയുന്നുണ്ട് (35:10).

ഇടം വലം ചിന്തിക്കാതെ വായിൽ വരുന്നതെല്ലാം സംസാരിക്കുന്ന നിരവധി പേരുണ്ട് സമൂഹത്തിൽ. ഇങ്ങനെ സംസാരിക്കുന്നത് കൊണ്ടെന്താണ് കുഴപ്പമെന്നാണ് അവരുടെ ചോദ്യം. വലിയ കുഴപ്പമുണ്ടെന്നാണ് മറുപടി. അവർ ശിക്ഷിക്കപ്പെടും. മനുഷ്യരെ നരകത്തിൽ മുഖം കുത്തി വീഴ്ത്തുന്നത് അവരുടെ നാവ് കൊയ്തെടുത്തതാണെന്ന ഹദീസിന്റെ ഒടുവിലത്തെ വാചകം അതാണ് സൂചിപ്പിക്കുന്നത്. നാവിൽ സ്വർഗവുമുണ്ട്, നരകവുമുണ്ട്. അത് സൂക്ഷിക്കണം.

ചുണ്ട് ചലിപ്പിക്കുമ്പോൾ ആലോചിക്കുക, എന്താണ് പുറത്തു വരുന്നതെന്ന്. നല്ലതാണെങ്കിൽ പറയുക. ചീത്തയാണ് വരുന്നതെങ്കിൽ വിഴുങ്ങുക. അതാണ് സത്യവിശ്വാസിയുടെ മുഖമുദ്ര. നാവ് കൊണ്ട് ആരെയും വധിക്കരുത്.

"അമ്പിനാലുള്ള വ്രണം കാലത്താൽ നികത്തിടും
നാവിനാലുള്ള വ്രണം മാറുകില്ലൊരിക്കലും" ■